**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 748** **02-02-2023 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും കാർഷിക ആവശ്യത്തിന് വായ്പയെടുക്കുകയും മരണപ്പെട്ടു പോവുകയും ചെയ്ത ഷാജി ടി. എസ്സ്. ന്റെ ഭാര്യ ശ്രീമതി ശ്രീദേവി കെ.സി. ക്ക് (തുമ്പുങ്കൽ വീട്, മാഞ്ഞൂർ പി.ഒ, കോട്ടയം) റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കണമെന്ന് കാണിച്ച് നൽകിയിരിക്കുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുകയും മരണപ്പെട്ടുപോവുകയും ചെയ്ത ഷാജി.ടി.എസ്സ് ന്റെ ഭാര്യ ശ്രീമതി.ശ്രീദേവി കെ.സി സമർപ്പിച്ച നിവേദനം ബോർഡിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഷാജി.ടി.എസ്സ് എടുത്ത വായ്പയ്ക്കുള്ള റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ റിസ്ക് ഫണ്ട് ബോർഡ് ആഫീസിൽ ലഭിച്ചിട്ടില്ലാത്തതിനാൽ ധനസഹായ അപേക്ഷ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖേന റിസ്ക് ഫണ്ട് ബോർഡ് ആഫീസിൽ സമർപ്പിക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>നാളിതുവരെ ക്രമപ്രകാരമുള്ള റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ ബോർഡിൽ ലഭ്യമായിട്ടില്ലാത്തതുമാണ്. ധനസഹായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ; | (ബി) | **റിസ്ക് ഫണ്ട് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡം**<br><br>**1)റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ .7- റിസ്ക് ഫണ്ട് വിഹിതം**<br><br>വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും ബൈലോ വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം തുക (ഒരു വായ്പയ്ക്ക് മിനിമം 100/- രൂപയും പരമാവധി വിഹിതം തുക 2000/- രൂപ) ഈടാക്കുകയും പ്രസ്തുത വിഹിതം തൊട്ടടുത്ത മാസം 15-ാം തീയതിയ്ക്കുള്ളിൽ ബോർഡിന്റെ റിസ്ക് ഫണ്ട് അക്കൗണ്ടിൽ അടച്ചിരിക്കുകയും ചെയ്യുന്ന അംഗങ്ങൾക്കാണ് റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്. |

| | | | |
|---|---|---|---|
| | | | **<u>2)റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 5- വയസ്സ്</u>**<br><br>മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പാക്കാരുടെ വായ്പകൾക്ക് മാത്രമാണ് മരണാനന്തര ആനുകൂല്യം / ചികിത്സാ ധനസഹായം ലഭിക്കുന്നത്.<br><br>**<u>3)റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ബി)- കുടിശ്ശിക/കാലാവധി</u>**<br><br>വായ്പാ കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയിൽ തവണ അടയ്ക്കേണ്ട തീയതി മുതൽ 6 മാസത്തിൽ അധികരിച്ചും, വായ്പാകാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ വായ്പാ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുൻപ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും, വായ്പാ മുതലിൽ തിരിച്ചടവിൽ കുടിശ്ശിക വരുത്തിയാൽ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.<br><br>**<u>4) റിസ്ക് ഫണ്ട് ബൈലോ വ്യവസ്ഥ 4(ഡി) – മാരക രോഗം</u>**<br><br>30.03.2012 ന് ശേഷം വായ്പയെടുത്ത വായ്പാക്കാരന് മാരകമായ രോഗം പിടിപെടുകയും വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസ്സുകളിൽ ഈ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ചികിത്സാ ധനസഹായം നൽകുന്നു. ഇപ്രകാരം ധനസഹായം ലഭിച്ച വായ്പാക്കാരൻ മരണപ്പെടുകയാണെങ്കിൽ നിബന്ധന 4(എ) പ്രകാരം അർഹതയുള്ള ധനസഹായത്തിൽ നിന്നും ലഭിച്ച ആനുകൂല്യം കിഴിച്ച് ബാക്കി സംഖ്യക്ക് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| (സി) | റിസ്ക് ഫണ്ട് നിയമാവലിയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | 11.10.2022 തീയതിയിലെ സ.ഉ(കൈ) നം.32/2022/സഹ നമ്പർ ഉത്തരവ് പ്രകാരം റിസ്ക് ഫണ്ട് നിയമാവലിയിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. റിസ്ക് ഫണ്ട് നിയമാവലിയിൽ മാറ്റം വരുത്തുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ